# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കണ്ടല്ലൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-ALP/P.12/218/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 23/03/2023
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കണ്ടല്ലൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കണ്ടല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കണ്ടല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-ALP/P.12/218/2023 തീയ്യതി: 23/03/2023

## ആലപ്പുഴ ജില്ലയിലെ കണ്ടല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ കണ്ടല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| രാജീവ്.ആർ | ഡെപ്യൂട്ടി ഡയറക്ടർ | 08-02-2023 | 17-02-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 08-02-2023 | 17-02-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.മിനി.പി.രാധാകൃഷ്ണൻ, ഓഡിറ്റ് ഓഫിസർ
ശ്രീമതി.സിന്ധ്യ.പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫിസർ
ശ്രീമതി ജാകാലിൻ. പി.ഡബ്ല്യൂ., സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.തയ്യിൽ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| പ്രസന്നകുമാരി | | | |
| ശ്രീ. ആർ.ശ്രീരാജ് | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.സജിത.പി.എ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.മാധുരി.ജി | വെറ്റിനറി സർജൻ | 01-04-2021 | 21-11-2021 |
| ഡോ.ഷൈജു.സി.എസ്സ് | വെറ്റിനറി സർജൻ | 22-11-2021 | 31-03-2022 |
| ശ്രീമതി.നിള.എം | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2021 | 12-07-2021 |
| ശ്രീമതി. ഷീൻ.എൽ.ബി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 13-07-2021 | 31-03-2022 |
| ഡോ.ദിലീപ് | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) | 01-04-2021 | 17-01-2022 |
| ഡോ.നമിത | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) | 18-01-2022 | 31-03-2022 |
| ഡോ.നമിത.എൻ.ടി | മെഡിക്കൽ ഓഫിസർ(ആയുർവേദം) | 01-04-2021 | 31-03-2022 |
| ഡോ.കവിത.വി.എ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2021 | 31-03-2022 |
| ശ്രീമതി.വസന്തകുമാരി.ജെ | ഹെഡ്മിസ്ട്രസ്സ് | 01-04-2021 | 31-03-2022 |
| ശ്രീ.ജയരാജ്.വി.കെ | അസി.എഞ്ചിനീയർ | 01-04-2021 | 05-09-2021 |
| ശ്രീമതി.ഗീതു. | അസി.എഞ്ചിനീയർ | 06-09-2021 | 31-03-2022 |
| ശ്രീമതി.ബീന ശ്രീകുമാർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 01-08-2021 |
| ശ്രീ.മുഹമ്മദ് കബീർ.എ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 02-08-2021 | 31-03-2022 |
| ശ്രീ.ഹരികുമാർ.എൻ | അസി.സെക്രട്ടറി | 01-04-2021 | 13-07-2021 |
| ശ്രീ.പ്രദീപ്കുമാർ | അസി.സെക്രട്ടറി | 14-07-2021 | 31-03-2022 |
| ശ്രീമതി.ഗീത.എസ്സ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 18-07-2021 |
| ശ്രീമതി.പ്രിയങ്ക.വി.എൽ | ഡയറി ഫാം ഇൻസ്ട്രക്ടർ | 19-07-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷികധനകാര്യ പത്രികയിലെ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം(എ.സി.ആർ പ്രകാരം) | 1-4 |
| 6 | പദ്ധതി അവലോകനം | 1- 5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | രസീത് പിരിവ് കളക്ഷൻ രജിസ്റ്റർ ഹാജരാക്കിയില്ല | 1-10 |
| 12 | തനത് ഫണ്ട് അക്കൗണ്ടിൽ ചെക്ക്/ഡിഡി പ്രകാരം വന്ന വരവ് ക്രഡിറ്റ് ചെയ്തിട്ടില്ല | 1-11 |
| 13 | മൊബൈൽ ടവറുകളുടെ വസ്തുനികുതി:കുടിശ്ശിക | 1-12 |
| 14 | ഇ-ടെണ്ടർ ഫീസ് തനതുഫണ്ടിലേക്ക് മുതൽകൂട്ടിയില്ല | 1-13 |
| 15 | വെള്ളക്കരമിനത്തിൽ ഭീമമായ തുക ബാധ്യത | 1-14 |
| 16 | സർക്കാരിലേക്ക് തിരിച്ചടച്ചില്ല | 1-16 |
| 17 | മാങ്കുളം കുടിവെള്ള പദ്ധതി - പ്രവൃത്തി ആരംഭിച്ചിട്ടില്ല | 1-18 |
| 18 | പത്രപരസ്യം -ട്രേഡ് ഡിസ്കൗണ്ട് ലഭ്യമായില്ല | 1-19 |
| 19 | സിഡ്കോയുടെ പ്രൈസ് ലിസ്റ്റിൽ ഉൾപ്പെടാത്ത സാധനങ്ങൾ വാങ്ങി | 1-20 |
| 20 | അങ്കണവാടികൾക്ക് ആവശ്യമായ ഭക്ഷ്യ വസ്തുക്കൾ സർക്കാർ നിർദ്ദേശിച്ച സ്ഥാപനങ്ങളിൽ നിന്നും വാങ്ങിയില്ല | 1-21 |
| 21 | കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 156250/-രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു | 1-22 |
| 22 | തനത് ഫണ്ട് ചെലവു രേഖകൾ ഹാജരാക്കിയില്ല | 1-23 |
| 23 | തുല്യത കോഴ്സ് ഫീ നൽകൽ - രേഖകളുടെ അഭാവത്തിൽ ചെലവ് 1,89,200/- രൂപ തടസ്സത്തിൽ വയ്ക്കുന്നു | 1-24 |
| 24 | ടാർവീപ്പയുടെ വില- തനതു ഫണ്ടിൽ ക്രഡിറ്റ് ചെയ്യുന്നു | 1-25 |
| 25 | ലൈഫ് ഭവന പദ്ധതി | 1-26 |
| 26 | അഗതി രഹിത കേരളം പദ്ധതി -അവലോകനം | 1-27 |
| 27 | ഹരിത കർമ്മസേന - അവലോകനം | 1-28 |

| | | |
|---|---|---|
| 28 | തൊഴിലുറപ്പ് പദ്ധതി -ഒരു അവലോകനം | 1-29 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരം | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് 26-02-2021 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 195187534 | 193969734 |
| വാർഷിക കണക്കുകൾ പ്രകാരം (ഇൻകം & എക്സ്പെൻറിച്ചർ സ്റ്റേറ്റ്മെൻറ് പ്രകാരം) | 171618357 | 176357658 |

10-03-2022 തീയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം 2021-22 വർഷത്തെ ബജറ്റ് പുതുക്കിയിട്ടുണ്ട്.

| | വരവ് | ചെലവ് |
|---|---|---|
| പുതുക്കിയ ബജറ്റ് പ്രകാരം | 187398655 | 183189655 |

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 21.04.2022 |

## 1-2-1 വാർഷികധനകാര്യ പത്രികയിലെ അപാകതകൾ

2021-22 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ, താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. 31-03-2022 ൽ പൂർത്തിയാക്കാത്ത വിവിധ മരാമത്ത് പ്രവൃത്തികൾക്ക് പാർട്ട് ബിൽ പ്രകാരം ആകെ 17,42,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ തൻവർഷത്തെ എ.എഫ്.എസ്സ്. പ്രകാരം ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സായി തുകയൊന്നും ചേർത്തിട്ടില്ല.

2..ഷെഡ്യൂൾ ബി-11 പ്രകാരം തൻവർഷം ,സിവേജ് & ഡ്രെയിനേജ് -ന്റെ വാർഷിക മൂല്യ ശോഷണം വരുത്തിയതായി കാണുന്നില്ല.

3. ഷെഡ്യൂൾ ബി-18 പ്രകാരം, ഗ്രൌണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ 1,52,000/- രൂപ മുൻകൂറായി നിക്ഷേപിക്കുകയും ഇംപ്ലിമെന്റിംഗ് ഓഫിസർക്ക് മുൻകൂറായി 1,70,404/-രൂപ നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ അഡ്വാൻസ് രജിസ്റ്ററിൽ പ്രസ്തുത തുകകൾ ഉൾപ്പെട്ടിട്ടില്ല.

മേൽ അപാകതകൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11 തീയതി 13.2.2023) ലഭ്യമാക്കിയ മറുപടിയിൽ ക്രമ നം.3 ന് അഡ്വാൻസ് തുകകൾ അഡ്വാൻസ് രജിസ്റ്ററുകളിൽ മുൻകൂർ തുകകൾ ഉൾപ്പെടുത്തി ക്രമീകരണ വിവരങ്ങൾ ഉൾപ്പെടുത്തി ലഭ്യമാക്കി. മറ്റ് അപാകതകൾ പരിഹരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 8579347 |
| വരവ് | 55903033 |
| ആകെ | 64482380 |
| ചെലവ് | 56851846 |
| നീക്കിയിരിപ്പ് | 7630534 |

## 1-4 ഫണ്ട് വിനിയോഗം(എ.സി.ആർ പ്രകാരം)

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരം വരവ് | ഉറവിടത്തിൽ കുറവ് ചെയ്തത് | ആകെ | ഉറവിടത്തിൽ കുറവ് ചെയ്തത് ഉൾപ്പടെയുള്ള ചെലവ് | ലാപ്സായത് |
|---|---|---|---|---|---|---|
| വികസന ഫണ്ട്(ജനറൽ) | 0 | 8377532 | 3045468 | 11423000 | 11423000 | 0 |
| വികസന | 0 | 3217334 | 102666 | 3320000 | 3320000 | 0 |

| | | | | | | |
|---|---|---|---|---|---|---|
| ഫണ്ട്(എസ്സ്.സി.പി) | | | | | | |
| വികസന ഫണ്ട്(ടി.എസ്സ്.പി) | 0 | 9325 | 0 | 9325 | 0 | 9325 |
| മെയിന്റനൻസ് ഫണ്ട്(റോഡ്) | 0 | 8143000 | | 8143000 | 7029910 | 11,13,090 |
| മെയിന്റനൻസ് ഫണ്ട്(നോൺ റോഡ്) | 0 | 4870979 | | 4870979 | 4853319 | 17660 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 4629923 | | 4629923 | 2685243 | 1944680 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്) | 0 | 2442381 | | 2442381 | 2442354 | 27 |

## 1- 5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത് (ശതമാനം) |
|---|---|---|---|---|---|---|
| 117 | 65067026 | 94 | 39868674 | 0 | 23 | 80.34% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 15113 | 403287 | 418400 | 418237 | 163 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | | 38777811 | 38777811 | 38777811 | |
| ആകെ | 15113 | 39181098 | 39196211 | 39196048 | 163 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 139320 | 13 |
| കർഷക തൊഴിലാളി പെൻഷൻ | 3140800 | 220 |
| വിധവ പെൻഷൻ | 25839200 | 929 |
| വാർദ്ധക്യകാല പെൻഷൻ | 46703500 | 2056 |
| വികലാംഗ പെൻഷൻ | 8468200 | 297 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 180000 | 6 |
| അവിവാഹിത പെൻഷൻ | 1009700 | 44 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13-02-2023 തീയതിയിൽ 2:45 P.m സമയത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5485/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

.പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലുള്ള പോരായ്മകൾ ചുവടെ ചേർക്കുന്നു.

1.പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആസ്തിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്റർ കാലികമാക്കപ്പെട്ടിട്ടില്ല.

2. റോഡ് രജിസ്റ്ററും, റോഡ് കണക്ടിവിറ്റി മാപ്പും പരിപാലിച്ചിട്ടില്ല.

3.പദ്ധതിനിർവ്വഹണ സംബന്ധമായ ട്രാൻസാക്ഷനുകൾക്ക് നിർവ്വഹണ ഉദ്യോഗസ്ഥർ നോട്ട് ഫയൽ സൂക്ഷിക്കുന്നില്ല.
4.പഞ്ചായത്തു കമ്മിറ്റി തീരുമാനങ്ങൾ നടപ്പാക്കുന്നതിലെ പുരോഗതി വിലയിരുത്തപ്പെടുന്നില്ല. ഇതിലേക്കായി വാച്ച് രജിസ്റ്റർ പരിപാലിയ്ക്കുന്നില്ല. കൂടാതെ മുൻ തീരുമാനങ്ങൾ യഥാസമയം നടപ്പാക്കപ്പെടുന്നുണ്ടോ എന്നതു സംബന്ധമായി മിനിട്ട്സിലും രേഖയില്ല.
ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ പോരായ്മകൾ പരിഹരിക്കേണ്ടതാണ്.

## 1-10 രസീത് പിരിവ് കളക്ഷൻ രജിസ്റ്റർ ഹാജരാക്കിയില്ല

താഴെ പറയുന്ന മാന്വൽ രസീത് ബുക്കുകളുടെ കളക്ഷൻ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമായില്ല. 2021-22 വർഷ കാലയളവിൽ പണപ്പിരിവിനായി ഉപയോഗിച്ച കളക്ഷൻ രജിസ്റ്ററുകളാണ് ഹാജരാക്കാഞ്ഞത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | രസീത് ബുക്ക് നം | കൈപ്പറ്റിയ ആളിന്റെ പേര് | കൈപ്പറ്റിയ തീയതി |
|---|---|---|---|
| 1 | 26888 | പ്രബീഷ് മോഹനൻ, ക്ലർക്ക് | 17.11.21 |
| 2 | 26892 | | 20.11.21 |
| 3. | 26894 | | 20.11.21 |
| 4 | 26898 | | 27.11.21 |
| 5 | 657 | | 2.02.22 |
| 6 | 3296 | | 18.02.22 |

കളക്ഷൻ രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (28/17.2.23) മറുപടി ലഭ്യമാക്കിയില്ല. കളക്ഷൻ രജിസ്റ്റർ ഹാജരാക്കാത്തതിനാൽ മേൽ ചൂണ്ടിക്കാട്ടിയ രസീതുകൾ പ്രകാരമുള്ള വരവ് ബാങ്ക് അക്കൌണ്ടിൽ ഒടുക്ക് വരുത്തിയതും ഉറപ്പിക്കാനായില്ല. ആകയാൽ മേൽ രസീതുബുക്കുകളുടെ കളക്ഷൻ രജിസ്റ്ററും, പ്രസ്തുത കളക്ഷൻ രജിസ്റ്റർ പ്രകാരമുള്ള തുക പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയതിന്റെയും രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-11 തനത് ഫണ്ട് അക്കൗണ്ടിൽ ചെക്ക്/ഡിഡി പ്രകാരം വന്ന വരവ് ക്രഡിറ്റ് ചെയ്തിട്ടില്ല

2021 – 22 വർഷത്തെ ചെക്ക് ആന്റ് ഡ്രാഫ്റ്റ് പരിശോധിച്ചതിൽ, പഞ്ചായത്തിൽ നിന്നും രസീത് നൽകി നികുതി ഇനത്തിൽ പഞ്ചായത്തിലേക്ക് വരവ് വന്ന ചുവടെ ചേർത്തിരിക്കുന്ന തുക തനത് ഫണ്ട് അക്കൌണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടില്ല. ഈ അപാകത ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (26.17.02.23)മറുപടിയും ലഭ്യമാക്കിയില്ല

| ക്രമ നം | ചെക്ക്, ഡി.ഡി നമ്പർ / തീയതി | തുക | ഇനവിവരം |
|---|---|---|---|
| 1 | 1220100957/22.08.22 (രസീത് നം) | 6250/- | എച്ച് എം പുതിയവിള |

എന്നാൽ ഡി.ഡി ക്രഡിറ്റ് ആകാത്തതിനെ തുടർന്ന് പ്രസ്തുത തുക അരിയർ ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുമില്ല. ആകയാൽ വരവായി രേഖപ്പെടുത്തിയെങ്കിലും നാളിതുവരെയും നികുതി ഒടുക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ തൊഴിൽ നികുതി ഇനത്തിൽ ഒടുക്കേണ്ട 6250/-രൂപ സ്ഥാപനത്തിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 മൊബൈൽ ടവറുകളുടെ വസ്തുനികുതി:കുടിശ്ശിക

ഗ്രാമപഞ്ചായത്തിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള 3 മൊബൈൽ കമ്മ്യൂണിക്കേഷൻ ടവറുകളിൽ നിന്നുള്ള വസ്തുനികുതി ഈടാക്കിയിട്ടില്ല. പ്രസ്തുത മൊബൈൽ കമ്പനികളിൽ നിന്ന ഗ്രാമപഞ്ചായത്തിന് ലഭിക്കുവാനുള്ള കുടിശ്ശികയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ടവർ | കെട്ടിട നമ്പർ | റിമാർക്സ് |
|---|---|---|---|
| 1 | ബി.എസ്.എൻ.എൽ | 3/395 A | 2019 രണ്ടാം അർദ്ധവർഷം മുതൽ കുടിശ്ശിക |
| 2 | റിലയൻസ് | 3/399 A | 2020 രണ്ടാം അർദ്ധവർഷം മുതൽ കുടിശ്ശിക |
| 3 | ബി.എസ്.എൻ.എൽ | 8/ 538 A | 2013 ആദ്യ അർദ്ധവർഷം മുതൽ കുടിശ്ശിക |

മൊബൈൽ ടവറുകളുടെ വസ്തുനികുതി ഊർജ്ജിതമായി പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 ഇ-ടെണ്ടർ ഫീസ് തനതുഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ 2016-17മുതൽ 2020-21വരെയുള്ള വർഷങ്ങളിൽ ഇ-ടെണ്ടർ മുഖേന നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഇനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ടിയിരുന്ന വരുമാനം എൽ.എസ്.ജി.ഡി. ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള അക്കൌണ്ടിൽ ഒടുക്ക് വരുത്തിയിരുന്നു. തനതു വരുമാനമാകയാൽ, എൻ.ഐ.സി മുഖേന പ്രസ്തുത അക്കൗണ്ടിൽ നേരിട്ട് ക്രഡിറ്റ് വന്ന തുകകൾ തിരികെ ഈടാക്കി പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ മുതൽ കൂട്ടേണ്ടതാണ്. ഈ ഇനത്തിൽ . എൽ.എസ്.ജി.ഡി. ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൌണ്ടിൽ നിന്നും ഗ്രാമ പഞ്ചായത്തിന് 2016-17 മുതൽ ലഭിക്കേണ്ട തുക, തനതു ഫണ്ട് അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുള്ള തുക എന്നിവയുടെ വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ (നം.തീയതി), നിലവിൽ 97680/-രൂപ തനതു ഫണ്ട് അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തുവെന്നും 95231/- രൂപ ഇനിയും ലഭ്യമാകാനുള്ളതായും അറിയിച്ചിട്ടുണ്ട്. കൂടാതെ 2021-22 വർഷം ഓൺ ലൈൻ പെയ്മെന്റിനായി ആരംഭിച്ച അസിസ്റ്റന്റ് എഞ്ചിനിയറുടെ അക്കൌണ്ടിൽ ഇ-ടെണ്ടർ ഫീസ് ഇനത്തിൽ ലഭിച്ച 25610/- രൂപ കൂടി പഞ്ചായത്തിന്റെ തനതുഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുവാനുള്ളതായും അറിയിച്ചു. 95231/- രൂപ എൽ.എസ്.ജി.ഡി. ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൌണ്ടിൽ നിന്നും ഗ്രാമ പഞ്ചായത്തിന്റെ അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 വെള്ളക്കരമിനത്തിൽ ഭീമമായ തുക ബാധ്യത

ഗ്രാമപഞ്ചായത്തിൽ വളരെ വലിയ തുക പൊതു കുടിവെള്ള ടാപ്പുകളുടെ വാട്ടർചാർജ്ജിനത്തിൽ കുടിശ്ശികയുള്ളതായി കാണുന്നു. 9.03.22 ലെ കേരള വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരം 1,61,78,092/- രൂപയാണ് ഈ ഇനത്തിൽ വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്തിട്ടുള്ളത്. ഇതിൽ 3,07,211/- രൂപയോളം പ്രതിമാസ പലിശയാണ്. 2021-22 വർഷം 38,05,190 രൂപ 3പ്രോജക്ടുകൾ വഴി വാട്ടർ അതോറിറ്റിയിൽ കുടിശ്ശിക അടച്ച് തീർത്തിട്ടുണ്ട്. ജൽജീവൻ മിഷൻ വഴി കുടിവെള്ള കണക്ഷനുകൾ ലഭ്യമാകുകയും അതിന്റെ ഭാഗമായി 2,90,000 - രൂപ പ്രൊജക്ട് നം 115/22 പ്രകാരം ഉപയോഗരഹിതമായ 188 പൊതുടാപ്പുകളുടെ കണക്ഷൻ വിച്ഛേദിക്കുന്നതിനായി വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടുണ്ട്. എന്നാൽ 3/22 ലെ വാട്ടർ അതോറ്റിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരം മുൻ മാസങ്ങളിലെപ്പോലെ 425 ടാപ്പുകൾക്ക് വാട്ടർ ചാർജ്ജ് ഡിമാന്റ് ചെയ്തിട്ടുണ്ട്. പൊതുടാപ്പുകളുടെ കണക്ഷൻ വിച്ഛേദിക്കുന്നതിനായി തുക നൽകിയെങ്കിലും കുടിവെള്ള ചാർജ്ജിൽ കുറവ് പ്രതിഫലിക്കുന്നില്ലെന്ന് മാത്രമല്ല കുടിശ്ശിക വൻതോതിൽ ഉയരുകയുമാണ്. വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി യഥാർത്ഥ ഉപഭോഗം നിർണ്ണയിക്കാൻ പഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആ വിവരം ഓഡിറ്റിൽ അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (15/13.02.23) ലഭ്യമാക്കിയ മറുപടിയിൽ, ഗ്രാമപഞ്ചായത്തിൽ നിന്നും തുക അടവാക്കിയതിന് ശേഷം വാട്ടർ അതോറിറ്റി ടെണ്ടർ നടപടികളിലൂടെ കരാറുകാരനെ കണ്ടെത്തിയ ശേഷമാണ് പ്രവർത്തി ആരംഭിക്കുകയുള്ളൂവെന്നാണ് അറിയിച്ചത്. 188 ടാപ്പുകൾ കൂടി ഒഴിവാക്കാൻ നിർദ്ദേശിച്ച ശേഷവും ഡിമാന്റിൽ മാറ്റം ഉണ്ടാകാത്തത് സംബന്ധിച്ച് വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്. തുടർന്നും ജൽ ജീവൻ മിഷൻ അടക്കമുള്ളവ വഴി ഗാർഹിക കണക്ഷനുകൾ സ്ഥാപിക്കുകയും ഉപയോഗരഹിതമായ 188 പൊതുടാപ്പുകൾ കണക്ഷൻ വിച്ഛേദിക്കുകയും ചെയ്യുമ്പോൾ കേരള വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തി പോതു ടാപ്പുകൾ വഴിയുള്ള വെള്ളത്തിന്റെ യഥാർത്ഥ ഉപഭോഗം നിർണ്ണയിക്കാനും അതിന്റെ അടിസ്ഥാനത്തിൽ ഡിമാന്റിൽ കൃത്യത വരുത്തുവാനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 സർക്കാരിലേക്ക് തിരിച്ചടച്ചില്ല

വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരം 40,000/- രൂപ റിഫണ്ട്സ് പെയബിൾ എന്ന ഹെഡ്ഡിൽ ലയബിലിറ്റിയായി ഉൾപ്പെടുത്തിയിട്ടുണ്ട്. ടി തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട്, നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ ലൈഫ് പദ്ധതിയുമായി ബന്ധപ്പെട്ട് ഗുണഭോക്താവായ ദേവകി, ഐക്കരേത്ത് എന്ന വ്യക്തി 2018-19 വർഷം തിരിച്ചടച്ചിട്ടുള്ള തുകയാണിതെന്ന് അറിയിച്ചിട്ടുണ്ട്. പഞ്ചായത്ത് കമ്മറ്റി തീരുമാനം എടുത്തിട്ടില്ലാത്ത സാഹചര്യത്തിലാണ് സർക്കാരിലേക്ക് തിരിച്ചടക്കാതിരുന്നതെന്ന് അറിയിച്ചിട്ടുണ്ട്. സർക്കാരിലേക്ക് തുക തിരിച്ചടക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-18 മാങ്കുളം കുടിവെള്ള പദ്ധതി - പ്രവൃത്തി ആരംഭിച്ചിട്ടില്ല

പ്രൊജക്ട് നം 76/22

അടങ്കൽ - 152000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ് 2021-22)

ആകെ ചെലവ് - 842000/-

- 690000/- (2020-21 വർഷം ചെലവഴിച്ചത്)

152000/- (ബിൽ നം.133 തീയതി11.01.22 )സി.എഫ്.സി ടൈഡ് ഗ്രാന്റ്

ഗ്രാമപഞ്ചായത്തിലെ വാർഡ് 4 ൽ, മാങ്കുളം കുടിവെള്ള പദ്ധതിക്കായി ട്യൂബ് വെൽ സ്ഥാപിക്കുന്നതിന് 8,42,000/- രൂപ (6,90,000 രൂപ 20-21 വർഷം നൽകി) ഭൂജലവകുപ്പിന് നൽകിയിട്ടുണ്ട്. ഭൂജലവകുപ്പ് സമർപ്പിച്ച എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലാണ് തുക കെട്ടിവച്ചത്. ഫയൽ പരിശോധിച്ചതിൽ പ്രസ്തുത പ്രവൃത്തി പൂർത്തിയായതായോ, ആരംഭിച്ചതായോ കാണുന്നില്ല. സാമ്പത്തിക വർഷം അവസാനിച്ചിട്ടും നിക്ഷേപ പ്രവർത്തി ആരംഭിക്കാത്തതിന്റെ കാരണം ഭൂജലവകുപ്പുമായി ബന്ധപ്പെട്ട് ഓഡിറ്റിനെ അറിയിക്കുവാനും അഥവാ പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ടെങ്കിൽ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിൽ ലഭ്യമാക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (18/15.02.23) മറുപടിയിൽ, പ്രവൃത്തി പൂർത്തികരിക്കുന്നതിനായി ഭൂജലവകുപ്പ് ആലപ്പുഴയ്ക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിക്കുകയുണ്ടായി. വരൾച്ചാ ബാധിത പ്രദേശങ്ങളിൽ കുടിവെള്ള വിതരണത്തിനായി പഞ്ചായത്ത് ലക്ഷങ്ങൾ ചെലവഴിക്കുന്ന സാഹചര്യത്തിൽ പ്രവൃത്തി അടിയന്തിരമായി പൂർത്തികരിച്ച് ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണ വിവരങ്ങൾ ഹാജരാക്കുന്നതുവരെ 152000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-19 പത്രപരസ്യം -ട്രേഡ് ഡിസ്കൗണ്ട് ലഭ്യമായില്ല

പ്രോജ.നം. 63/22, പദ്ധതി രൂപീകരണം

2021-22 വർഷം നടപ്പാക്കിയ ടി പ്രോജക്ടിൽ, താഴെ സൂചിപ്പിച്ച വൗച്ചറുകൾ പ്രകാരം മാതൃഭൂമി ദിനപത്രത്തിൽ വിവിധ തീയതികളിൽ ടെണ്ടർ/ദർഘാസ് പരസ്യം നൽകിയതിന് 48620/- രൂപ മാതൃഭൂമിക്ക് നൽകിയിട്ടുണ്ട്. വൌച്ചറിനോടൊപ്പമുള്ള ബില്ലുകൾ പരിശോധിച്ചതിൽ, ഡിസ്കൗണ്ട് അനുവദിച്ചിട്ടില്ല

| വൗച്ചർ നമ്പർ | ചെക്ക് നം/തീയ്യതി | ബിൽ നമ്പർ | തുക |
|---|---|---|---|
| 22100637/22.12.2021 | | 32100029380/27.07.2021 | 7480 |
| | | 321000051777 /28.09.21 | 7480 /-- |
| | | 321000057217/12.10.21 | 9350 |
| | | 321000069674 /16.11.2021 | 9350 |
| | | 321000079466 /11.12.2021 | 7480 |
| | | 321000062062/27.10.21 | 7480 |
| | | ആകെ | 48620 /- |

ജി.ഒ (ആർ.ടി) 1/2011/പി ആന്റ് എ. ആർ. ഡി. തീയതി 04-01-2011 നമ്പർ ഉത്തരവ് പ്രകാരം പരസ്യങ്ങൾ പി ആന്റ് എ ആർ ഡി വകുപ്പ് മുഖേനേ നൽകിയാലും സർക്കാർ സ്ഥാപനം നേരിട്ട് നൽകിയാലും 15% ഡിസ്കൗണ്ട് അനുവദിക്കണമെന്നാണ്. ഡിസ്കൗണ്ട് നേടാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (25/17.02.23) മറുപടി ലഭ്യമാക്കിയില്ല. പത്രങ്ങളിൽ പരസ്യം നൽകുന്നതിലൂടെ സർക്കാർ ഉത്തരവ് പ്രകാരം പത്ര സ്ഥാപനങ്ങളിൽ നിന്നും ലഭിക്കേണ്ട അർഹമായ ട്രേഡ് ഡിസ്കൗണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് തുക പഞ്ചായത്തിൽ വരവ് വെച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-20 സിഡ്കോയുടെ പ്രൈസ് ലിസ്റ്റിൽ ഉൾപ്പെടാത്ത സാധനങ്ങൾ വാങ്ങി

എ ) പ്രോജക്റ്റ് നം - 39/22

പ്രോജക്റ്റിന്റെ പേര് - പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണീച്ചർ വാങ്ങൽ

നിർവഹണം - അസി.സെക്രട്ടറി

മേൽ പ്രോജക്റ്റിന്റെ അടിസ്ഥാനത്തിൽ സിഡ്കോയിൽ നിന്ന് 50 സ്റ്റീൽ ടേബിൾ, 50 ചെയർ എന്നിവ വാങ്ങിയിട്ടുണ്ട്. സർക്കാർ ഉത്തരവ് നം ജി.ഒ.(ആർ.ടി.) 49/2019/spd/14-11-2019 പ്രകാരം സിഡ്കോയുടെ പ്രൈസ് ലിസ്റ്റ് സർക്കാർ അംഗീകരിച്ചിട്ടുണ്ട്. എന്നാൽ മേൽ പ്രോജക്റ്റിന്റെ അടിസ്ഥാനത്തിൽ വാങ്ങിയിട്ടുള്ള Steel Cushion Chair Without Arm എന്ന സാധനം സിഡ്കോയുടെ അംഗീകൃത പ്രൈസ് ലിസ്റ്റിൽ ഉൾപ്പെട്ടു് കാണുന്നില്ല.

ബി ) പ്രോജക്റ്റ് നം - 11/22

പ്രോജക്റ്റിന്റെ പേര് - പട്ടികജാതി വിഭാഗത്തിൽപ്പെട്ട വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകൽ

നിർവഹണം - അസി.സെക്രട്ടറി

മേൽ പ്രോജക്റ്റിന്റെ അടിസ്ഥാനത്തിൽ സിഡ്കോയിൽ നിന്ന് 22 Wooden Cot (198x90x60/50) വാങ്ങിയിട്ടുണ്ട്. ടി സാധനം സിഡ്കോയുടെ അംഗീകൃത പ്രൈസ് ലിസ്റ്റിൽ ഉൾപ്പെട്ടു് കാണുന്നില്ല.

മേൽ സൂചിപ്പിച്ചിട്ടുള്ള അപാകതകൾക്ക് വിശദീകരണം തേടി നൽകിയ ഓഡിറ്റ് എൻക്വയറി നം. 18/2021-22 ന് ലഭിച്ച മറുപടിയിൽ, സർക്കാർ നിർദ്ദേശിച്ച നിരക്കിൽ അധികരിക്കാതെ വാങ്ങിയത് മൂലമാണ് (പഠനോപകരണം - 5000/- , കട്ടിൽ - 4350/-) പ്രൈസ് ലിസ്റ്റിൽ ഉൾപ്പെടാത്ത ഇനം വാങ്ങിയതെന്ന് മറുപടി നൽകിയിട്ടുണ്ട്. പ്രൈസ് ലിസ്റ്റിൽ ഉൾപ്പെടാത്ത സാധനങ്ങൾ സ്റ്റോർ പർച്ചേസ് മാന്വലിൽ നിഷ്കർഷിക്കും പ്രകാരം ടെണ്ടർ/ക്വട്ടേഷൻ നടപടികൾ സ്വീകരിച്ച് വാങ്ങേണ്ടതാണെന്ന് മേൽ ഉത്തരവിന്റെ ക്രമ നം 4 ൽ പരാമർശിച്ചിട്ടുണ്ട്. സിഡ്കോയിൽ നിന്ന് സർക്കാർ മാർഗ്ഗനിർദ്ദേശാനുസരണം വാങ്ങലുകൾ നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-21 അങ്കണവാടികൾക്ക് ആവശ്യമായ ഭക്ഷ്യ വസ്തുക്കൾ സർക്കാർ നിർദ്ദേശിച്ച സ്ഥാപനങ്ങളിൽ നിന്നും വാങ്ങിയില്ല

സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വിതരണ കേന്ദ്രങ്ങളായ മാവേലി സ്റ്റോർ, ലാഭം മാർക്കറ്റ് എന്നിവിടങ്ങളിൽ അങ്കണവാടികൾക്ക് ആവശ്യമായ ഭക്ഷ്യ വസ്തുക്കൾ ലഭ്യമല്ലാത്ത സാഹചര്യത്തിൽ മാവേലി സ്റ്റോർ, ലാഭം മാർക്കറ്റുകളിലെ വിലയിൽ അധികരിക്കാതെ ലഭിക്കുകയാണെങ്കിൽ മാത്രമേ നീതി/സഹകരണ സ്റ്റോറുകളിൽ നിന്നോ തീരമൈത്രി സൂപ്പർ മാർക്കറ്റുകളിൽ നിന്നോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഭക്ഷ്യ വസ്തുക്കൾ വാങ്ങുവാൻ പാടുള്ളുവെന്ന് സാമൂഹ്യ നീതി (ബി) വകുപ്പിന്റെ 06.08.2019 ലെ ബി1/493/2019/സാ.നീ.വ നം. സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുള്ളതാണ്. എന്നാൽ ഈ സർക്കുലറിലെ നിർദ്ദേശത്തിന് വിരുദ്ധമായി അങ്കണവാടികളിലേയ്ക്കുള്ള ഭക്ഷ്യവസ്തുക്കൾ 2021-22 വർഷം കണ്ടല്ലൂർ ഫാർമേഴ്സ് സർവ്വീസ് കോഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് നം 1410 നിന്നും വാങ്ങിയതിന് 1764720 രൂപ ചെലവ് വന്നിട്ടുണ്ട്. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വിതരണ കേന്ദ്രങ്ങളിൽ ഇവ ലഭ്യമല്ലായെന്നുള്ള എൻ.എ.സിയും ലഭ്യമായതായി കാണുന്നില്ല. മേൽ അപാകതകളിന്മേൽ വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (20/15.02.23) മറുപടിയിൽ പഞ്ചായത്ത് കമ്മറ്റി തീരമാനപ്രകാരമാണ് പ്രസ്തുത സ്ഥാപനങ്ങളിൽ നിന്ന് അംഗനവാടികൾക്കാവശ്യമായ ഭക്ഷ്യവസ്തുക്കൾ വാങ്ങിയതെന്നാണ് അറിയിച്ചത്. അങ്കണവാടികൾക്കാവശ്യമായ ഭക്ഷ്യവസ്തുക്കളുടെ വാങ്ങലുകളിൽ സർക്കാർ നിർദ്ദേശം പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-22 കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 156250/-രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു

പ്രോജക്റ്റ് നം - 05/22

പ്രോജക്റ്റിന്റെ പേര് - സുഭിക്ഷ കേരളം - കന്നുകുട്ടി പരിപാലന പദ്ധതി

നിർവ്വഹണം - വെറ്ററിനറി സർജൻ

മേൽ പ്രോജക്റ്റിന്റെ നിർവഹണത്തിനായി ട്രഷറി ബിൽ നം.21070952006101120189/09-02-22 പ്രകാരം 1,56,250/-രൂപ പിൻവലിച്ച് 25 ഗുണഭോക്താക്കളുടെ വിഹിതമായി അസി.ഡയറക്ടർ കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം ആലപ്പുഴക്ക് നൽകിയിട്ടുണ്ട്. ടി തുകയുടെ വിനിയോഗവിവരം ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്ന് ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് പരിശോധനക്ക് ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 04/2021-22/09-02-2023 നുള്ള മറുപടിയിൽ, പദ്ധതി പൂർത്തിയായിട്ടില്ലെന്നും പൂർത്തിയാകുന്ന മുറക്ക് ധനവിനിയോഗ സാക്ഷ്യപത്രം സമർപ്പിക്കുമെന്നും

അറിയിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ ഈ പദ്ധതിക്കായി ചെലവഴിച്ച 156250/-രൂപ താൽക്കാലികമായി തടസ്സത്തിൽ വയ്ക്കുന്നു .

## 1-23 തനത് ഫണ്ട് ചെലവു രേഖകൾ ഹാജരാക്കിയില്ല

ഗ്രാമപഞ്ചായത്തിലെ തനത് ഫണ്ട് വൌച്ചറുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഗ്രാമപഞ്ചായത്തിലെ ജനാലകളുടെ വിജാഗിരി മാറ്റി റിപ്പയർ ചെയ്ത് വകയിൽ 6733/- രൂപ ചെലവ് വന്നിട്ടുണ്ട്. ഇതിൽ 3733/- രൂപയുടെ സാധനങ്ങൾ വാങ്ങിയതിന്റെ ബിൽ മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്. 3000/- രൂപ ലേബർ ചാർജ്ജ് നൽകിയതിന്റെ രേഖകൾ ഫയലിൽ ലഭ്യമാക്കിയിട്ടില്ല. (വൌച്ചർ നം 22100846/19.02.22)

2. ടി എസ് കനാലിൽ നിന്നും ഉപ്പ് വെള്ളം കയറുന്ന ഭാഗങ്ങളിൽ താൽക്കാലിക തടയണ നിർമ്മിക്കുന്നതിന് അസി.എഞ്ചിനീയർക്ക് 9959/- രൂപ മുൻകൂർ നൽകിയിട്ടുണ്ട്. തുക ക്രമീകരിച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല (വൌച്ചർ നം 2522310101/21.04.21 )

രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (30/17.02.23) മറുപടി ലഭ്യമാക്കിയില്ല വൌച്ചറുകളോടൊപ്പം മേൽപ്പറഞ്ഞ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്ത സാഹചര്യത്തിൽ 12959/- (3000+9959) രൂപ തടസ്സപ്പെടുത്തുന്നു.

## 1-24 തുല്യത കോഴ്സ് ഫീ നൽകൽ - രേഖകളുടെ അഭാവത്തിൽ ചെലവ് 1,89,200/- രൂപ തടസ്സത്തിൽ വയ്ക്കുന്നു

പ്രോജക്ട് നം.104/22

പ്രോജക്ടിന്റെ പേര് : തുല്യത കോഴ്സ് ഫീ നൽകൽ

നിർവഹണം - എച്ച്.എം, ഗവ. എൽ.പി.എസ്

ട്രഷറി ബിൽ നം 21070952005700629847/28-10-2021 പ്രകാരം 1,89,200/- രൂപ പിൻവലിച്ച് തുല്യത കോഴ്സ് ഫീ നൽകുന്നതിനായി വിനിയോഗിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ പ്രസ്തുത തുക പത്താം തരം തുല്യത കോഴ്സ്, ഹയർ സെക്കൻഡറി തുല്യതാ കോഴ്സ് എന്നിവയ്ക്കാണ് വിനിയോഗിച്ചതെന്ന് കാണുന്നു. എത്ര ഗുണഭോക്താക്കൾക്ക്, ഏതൊക്കെ ഇനങ്ങൾക്കായിട്ടാണ് ടി തുക വിനിയോഗിച്ചതെന്ന വിവരം ഫയലിൽ ഉൾപ്പെടുത്തിയിരുന്നില്ല. തുകയുടെ വിനിയോഗം സംബന്ധിച്ച കൃത്യമായ കണക്ക് ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 06/2021-22ന് ചുവടെ ചേർക്കും വിധം മറുപടി നൽകിയിട്ടുണ്ട്.

| കോഴ്സിന്റെ പേര് | പഠിതാക്കളുടെ എണ്ണം | അടച്ച ഫീസ് |
|---|---|---|
| പത്താംതരം തുല്യത | 30 | 78000/- (രജിസ്ട്രേഷൻ ഫീ@100, കോഴ്സ് ഫീ @1800/-പരീക്ഷാ ഫീ @700) |
| പ്ലസ് വൺ തുല്യത | 26 | 65000/-(രജിസ്ട്രേഷൻ ഫീ@300, കോഴ്സ് ഫീ @2200/-) |
| പ്ലസ് ടു തുല്യത | 21 | 46200/-(കോഴ്സ് ഫീ @2200/-) |

പത്താംതരം തുല്യത കോഴ്സ് ഫീ ഇനത്തിൽ അടക്കേണ്ടത് 1750/-രൂപയാണ്. എന്നാൽ ഓരോ ഗുണഭോക്താവിനും ഈയിനത്തിൽ 50/-രൂപ വീതം അധികത്തിൽ അടച്ചതായി കാണുന്നു. ഇപ്രകാരം 30 പഠിതാക്കൾക്ക് കോഴ്സ് ഫീ ഇനത്തിൽ 1500/- രൂപ അധികത്തിൽ അടച്ചിട്ടുണ്ട്. ടി തുക സാക്ഷരതാമിഷനിൽ നിന്നും തിരികെ ഈടാക്കി വികസന ഫണ്ടിൽ അടക്കേണ്ടതാണ്. പഠിതാക്കളുടെ അപേക്ഷകൾ പൂർണമായും പരിശോധനക്ക് ലഭ്യമാക്കിയില്ല. മുഴുവൻ പഠിതാക്കളുടെയും അപേക്ഷകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവ് തുക 1,89,200/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 1-25 ടാർവീപ്പയുടെ വില- തനതു ഫണ്ടിൽ ക്രഡിറ്റ് ചെയ്യുന്നു

30-10-2017 ലെ സർക്കുലർ നം. 59827/എഫ്.എം/07/ത.സ്വ.ഭ.വ പ്രകാരം കരാറുകാരനിൽ നിന്ന് ഈടാക്കുന്ന പിഴ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടാം. ടാർ വീപ്പ വിറ്റുകിട്ടുന്ന തുക ഏതു ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് (വികസന ഫണ്ട്/മെയിന്റനൻസ് ഗ്രാന്റ്) അതേ ഫണ്ടിൽ ജി.ഒ.(പി) 177/06/ധനം 12-04-2006 ഉത്തരവ് ഖണ്ഡിക 10.3 പാലിച്ച് തിരിച്ചടക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ കണ്ടല്ലൂർ ഗ്രാമ പഞ്ചായത്തിൽ നടപ്പാക്കിയിട്ടുള്ള താഴെപ്പറയുന്ന മരാമത്ത് വർക്കുകളിൽ നിന്നും ടാർവീപ്പയുടെ വിലയിനത്തിൽ കരാറുകാരന്റെ ബില്ലിൽ നിന്നും ഈടാക്കിയിട്ടുള്ള തുക തനതുഫണ്ട് അക്കൌണ്ടിൽ ഒടുക്ക് വരുത്തിയിട്ടുള്ളതായി കാണുന്നു.

| ക്രമ നം. | പ്രോജക്ട് നം/പേര് | ഈടാക്കിയ ബാരൽ വില |
|---|---|---|
| 1 | S0121/21-22 | 2656 |

| | | |
|---|---|---|
| | പുന്നപ്ര -വയലാർ റോഡ് നിർമ്മാണം | |
| 2 | So31/21-/22<br>അമ്പിലേത്ത് ജം-കുറ്റിമുക്ക് കൊപ്പാറേത്ത് ഹൈസ്കൂൾ റോഡ് ടാറിംഗ് | 9250 |
| 3 | So34/21-22<br>മരക്കാലേത്ത് ജം-അംഗൻവാടി റോഡ് റിന്നവേഷൻ | 8250 |
| 4 | So125/21-22<br>വേലഞ്ചിറ ഗുരുക്കളച്ചൻ റോഡ് ടാറിംഗ് | 4130 |
| 5 | So80/22<br>പൈനംവിളയിൽ-അംപോലിമുക്ക് റോഡ് ടാറിംഗ് | 3500 |
| | ആകെ | 27786 |

ടാർ വീപ്പ വിറ്റുകിട്ടുന്ന തുക ഏതു ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് (വികസന ഫണ്ട്/ മെയിന്റനൻസ് ഗ്രാന്റ്) അതേ ഫണ്ടിൽ ജി.ഒ.(പി) 177/06/ധനം 12-04-2006 ഉത്തരവ് ഖണ്ഡിക 10.3 പാലിച്ച് തിരിച്ചടക്കണമെന്ന സർക്കാർ നിർദ്ദേശം പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-26 ലൈഫ് ഭവന പദ്ധതി

സ്വന്തമായി ഭൂമിയുള്ള പാവപ്പെട്ട ഭവനരഹിതരായ എല്ലാവർക്കും ഭവനം ലഭ്യമാക്കുക, മുൻകാലങ്ങളിൽ നിർമ്മാണം പൂർത്തിയാക്കാൻ സാധിക്കാത്ത വീടുകളുടെ പൂർത്തീകരണം സാധ്യമാക്കുക, വാസയോഗ്യമല്ലാത്ത വീടുകളുടെ പുനരുദ്ധാരണം നടത്തുക, വാസയോഗ്യമല്ലാത്ത വീടുകളിൽ താമസിക്കുന്നവർക്ക് പുതിയ വീട് ലഭ്യമാക്കുക തുടങ്ങിയവ ലൈഫ് പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളാണ്.

2021-22 സാമ്പത്തിക വർഷത്തിൽ ലൈഫ് പദ്ധതി പ്രകാരം പുതുതായി കരാർ വച്ച ഗുണഭോക്തക്കൾ ഇല്ല. മുൻ വർഷങ്ങളിൽ കരാർ വച്ചതും തൻവർഷം പൂർത്തീകരിച്ചതുമായ ഭവനങ്ങളുടെ വിശദാംശം വി.ഇ.ഒ. ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ളത് ചുവടെ ചേർക്കുന്നു.

| വർഷം | തൻവർഷം കരാർ വച്ച ഗുണഭോക്താക്കളുടെ എണ്ണം | | തൻവർഷം കരാർ വച്ചതും ഭവന നിർമ്മാണം പൂർത്തീകരിച്ചതുമായ ഗുണഭോക്താക്കളുടെ എണ്ണം | | മുൻ വർഷം കരാർ വച്ചതും തൻ വർഷം ഭവന നിർമ്മാണം പൂർത്തീകരിച്ചതുമായ ഗുണഭോക്താക്കളുടെ എണ്ണം | |
|---|---|---|---|---|---|---|
| | ജനറൽ | എസ്.സി. | ജനറൽ | എസ്.സി. | ജനറൽ | എസ്.സി. |
| 2021-22 | - | - | - | - | 3 | 5 |

ലൈഫ് പദ്ധതിക്കായി ആകെ ചെലവഴിച്ച തുകയുടെ കണക്ക്

| വർഷം | പദ്ധതി വിഹിതം | ബ്ലോക്ക് വിഹിതം | ജില്ലാ വിഹിതം | ലോൺ | സ്റ്റേറ്റ് വിഹിതം | ആകെ |
|---|---|---|---|---|---|---|
| 2021-22 | 524600 | 595600 | - | - | 100000 | 1220200 |

## 1-27 അഗതി രഹിത കേരളം പദ്ധതി -അവലോകനം

നിരാലംബരും നിർധനരുമായ കുടുംബങ്ങളുടെ സംരക്ഷണം ലക്ഷ്യമിട്ട് സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് അഗതി രഹിത കേരളം പദ്ധതി. സംസ്ഥാന സർക്കാർ കുടുംബശ്രീയുമായി സംയോജിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയാണ് അഗതിരഹിതകേരളം പദ്ധതി നടപ്പാക്കുന്നത്. ഗുണഭോക്താക്കൾക്ക് അതിജീവനാവശ്യങ്ങളായ ഭക്ഷണം, ചികിൽസാ സഹായം, വസ്ത്രം, പെൻഷൻ, മക്കളുടെ വിദ്യാഭ്യാസത്തിനുള്ള സഹായം, ഭവനരഹിതർക്ക് അടിസ്ഥാന സൗകര്യങ്ങളായ വീട്, കുടിവെള്ളം, ശുചിത്വ സംവിധാനം എന്നിവയും ഈ പദ്ധതി ലക്ഷ്യമിടുന്നു.

പഞ്ചാത്തിൽ നിന്ന് ലഭ്യമാക്കിയ വിവരപ്രകാരം അംഗീകരിച്ച അഗതി രഹിത കേരളം പദ്ധതി (2019-22) പ്രകാരം ഗുണഭോക്താക്കളുടെ അടിസ്ഥാന ആവശ്യം സംബന്ധിച്ചും അഗതികൾക്ക് പഞ്ചായത്ത് അനുവദിച്ച ആനുകൂല്യം സംബന്ധിച്ചുമുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

| അടിസ്ഥാന ആവശ്യം | ഗുണഭോക്താക്കളുടെ എണ്ണം | വിവിധ പദ്ധതികൾ വഴി ആനുകൂല്യം ലഭിച്ചവരുടെ എണ്ണം |
|---|---|---|
| വീട് ആവശ്യമുള്ളവർ | 107 | 05 |
| ഭൂരഹിതർ | 54 | - |
| കുടിവെള്ള സൗകര്യമില്ലാത്തവർ | 48 | - |
| ടോയ്‌ലെറ്റ് സൗകര്യമില്ലാത്തവർ | 80 | - |
| ഭവനപുനരുദ്ധാരണം ആവശ്യമുള്ളവർ | 8 | - |

അഗതികളുടെ ആവശ്യങ്ങൾ നടപ്പാക്കുന്നതിൽ മന്ദഗതിയിലുള്ള പുരോഗതിയാണ് കൈവരിച്ചിട്ടുള്ളത്. അഗതികളുടെ അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങൾ ഉയർത്താൻ വേണ്ടി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാൻ ശ്രദ്ധയും ജാഗ്രതയും പുലർത്തേണ്ടതാണ്.

## 1-28 ഹരിത കർമ്മസേന - അവലോകനം

സംസ്ഥാനത്തിന്റെ സുസ്ഥിര മാലിന്യനിർമാർജ്ജനം ലക്ഷ്യമാക്കി നടപ്പിലാക്കി വരുന്ന സംരംഭമാണ് ഹരിത കർമ്മസേന. തൊഴിൽ സംരംഭ ഗ്രൂപ്പുകളിലൂടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത്. ഗ്രാമ പഞ്ചായത്തിൽ 2021ലാണ് ഹരിതകർമ സേന രൂപീകരിച്ചത്. ഒരു വാർഡിൽ 02 അംഗങ്ങൾ വീതം ഉണ്ട്.

മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട തൊഴിൽ അവസരങ്ങൾ പ്രയോജനപ്പെടുത്തി ടി പ്രവർത്തനങ്ങളിലൂടെ വരുമാനം കണ്ടെത്തുന്ന തൊഴിൽ ഗ്രൂപ്പുകളാണ് ഹരിതകർമ്മസേന മൈക്രോ സംരംഭ ഗ്രൂപ്പുകൾ. ഗ്രാമ പഞ്ചായത്തിൽ 03 മൈക്രോ സംരംഭ ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്

ഹരിതകർമ്മസേന അംഗങ്ങൾക്ക് മൂന്ന് ഘട്ടങ്ങളിലായാണ് പരിശീലനം നല്കുന്നത്. ആദ്യഘട്ടം ഹരിതസേന രൂപീകരണത്തിനുള്ള പ്രാഥമിക പരിശീലനം, രണ്ടാം ഘട്ടം ഹരിതസേന സംരംഭ സാധ്യതകൾ (കൃഷി, ഗ്രീൻ പ്രോട്ടോക്കോൾ, സ്വാപ് ഷോപ്പ്, റിപ്പയറിംഗ്) മൂന്നാം ഘട്ടം ജൈവകൃഷി മേഖലയിലെ സാധ്യതകൾ (ജല സംരക്ഷണം, സോളാർ ഗാർഡനിംഗ്, ടെറസ് ഫാമിംഗ്) എന്നിവയാണ്. കിലയുടെ നേതൃത്വത്തിൽ കുടുംബശ്രീ മിഷനാണ് പരിശീലനം സംഘടിപ്പിക്കുന്നത്. നിലവിൽ ക്ലസ്റ്റർ രൂപീകരണം , ക്ലസ്റ്റർബുക്കുകൾ തയ്യാറാക്കൽ , പ്ലാസ്റ്റിക് തരം തിരിക്കൽ , റിപ്പോർട്ടുകൾ തയ്യാറാക്കൽ എന്നീ വിഷയങ്ങളിൽ പരിശീലനം നല്കിയിട്ടുള്ളതായി ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് മറുപടി നൽകിയിട്ടുണ്ട് . കുടുംബശ്രീമിഷൻ വഴി നൽകുന്ന പരിശീലനങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

നിലവിൽ വീടുകളിൽ നിന്നും 50 രൂപയും സ്ഥാപനത്തിൽ നിന്നും 100രൂപയും യൂസർ ഫീ ഇനത്തിൽ ഈടാക്കുന്നു. ഗ്രാമപഞ്ചായത്ത് തലത്തിൽ പ്രവർത്തിക്കുന്ന എല്ലാ ഹരിതകർമ്മസേനാംഗങ്ങളും ഉൾക്കൊള്ളുന്നതാണ് ഹരിതകർമ്മസേന കൺസോർഷ്യം. ഹരിതകർമ്മ സംരംഭങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടത്തുന്നതിനും സർക്കാർ സർക്കാതിര സ്ഥാപനങ്ങളിൽ നിന്നും ലഭ്യമായേക്കാവുന്ന ആനുകൂല്യങ്ങൾ പ്രയോജനപ്പെടുത്തുന്നതിനും ഹരിതകർമ്മസേന സംരംഭകർ നേരിടുന്ന വെല്ലുവിളികൾ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയും സർക്കാരിന്റെയും ശ്രദ്ധയിൽപ്പെടുത്തുന്നതിനും സംരംഭത്തെ ഒരു സ്ഥാപനമായി വളർത്തിയെടുക്കുന്നതിനും കൺസോർഷ്യമെന്ന കൂട്ടായ്മ പങ്ക് വഹിക്കുന്നു. ഓരോ മൈക്രോസംരംഭ ഗ്രൂപ്പും വരുമാനത്തിന്റെ 10% ഹരിത കൺസോർഷ്യത്തിൽ അടച്ച് രസീത് വാങ്ങേണ്ടതാണ്.

ഹരിതകർമ്മസേന/കൺസോർഷ്യം ചുവടെ പറയുന്ന രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്

അറ്റൻഡൻസ് രജിസ്റ്റർ

മിനിറ്റ്സ് ബുക്ക്

ക്യാഷ് ബുക്ക്

സ്റ്റോക്ക് രജിസ്റ്റർ - എം.സി.എഫിൽ നിന്ന് ആർ.ആർ.എഫിലേക്ക് എത്തിക്കുന്ന അജൈവ മാലിന്യങ്ങളുടെ തരംതിരിച്ചുള്ള കണക്ക് ഇതിൽ രേഖപ്പെടുത്തേണ്ടതാണ്.

വരവ് ചെലവുകൾ കാസ് ഓഡിറ്റിന് വിധേയമാക്കിയിട്ടില്ല . മാലിന്യം സൂക്ഷിക്കുന്നതിനായി ഒരു എം.സി.എഫും ഒരു സെഗ്രിഗേഷൻ ഷെഡും ഉണ്ട് . മാലിന്യം കൈമാറുന്നതിനായി ക്ലീൻ കേരള കമ്പനിയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

## 1-29 തൊഴിലുറപ്പ് പദ്ധതി -ഒരു അവലോകനം

2021-22 വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുടെ ആക്ഷൻ പ്ലാൻ പ്രകാരം 157 പദ്ധതികൾക്ക് അനുമതി ലഭിച്ചിട്ടുണ്ട്.

ഇതിൽ 34 സ്പിൽ ഓവർ പദ്ധതികൾ ഉൾപ്പടെ 92 പദ്ധതികൾ നടപ്പായിട്ടുണ്ട്. 34 സ്പിൽ ഓവർ പദ്ധതികൾ ഉൾപ്പടെ 68 പദ്ധതികൾ പൂർത്തീകരിച്ചു. തൻവർഷം പുതുതായി രജിസ്റ്റർ ചെയ്തവരുൾപ്പടെ ആകെ 4374 തൊഴിലാളികൾ ജോലി ചെയ്യുന്നു. ഇതിൽ 100 തൊഴിൽ ദിനം പൂർത്തിയായ കുടുബങ്ങളുടെ എണ്ണം 390 ആണ്. തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള ആകെ ചെലവ് 342.65 ലക്ഷം രൂപയാണ്. ഇതിൽ 44.75 ലക്ഷം രൂപ മെറ്റീരിയൽസിനും അഡ്മിൻ ഫണ്ടായി 4.02 ലക്ഷം രൂപയും ചെലവഴിച്ചു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക: മുന്നിരിപ്പ് ഉൾപ്പെടെ | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 45400 | ലൈഫ് ഭവന പദ്ധതി രണ്ടാം ഘട്ടം(ജനറൽ) | 45400 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 550200 | ലൈഫ്ഭവനപദ്ധതി(എസ്സ്.സി) അഡീഷണൽ ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം | 550200 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 412400 | 44/21 പാലിയേറ്റീവ് കെയർ പദ്ധതി | 412400 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 50000 | 7/2021 അനുപൂരക പോഷകാഹാര പരിപാടി | 50000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 339000 | 20/21 ശാരീരികമാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് ആനുകൂല്യങ്ങൾ | 339000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 400000 | 85/21 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (ജനറൽ) | 400000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 233467 | 136/21 സ്കൂളുകളിൽ എയറോബിക് കംപോസ്റ്റ് യൂണിറ്റ് സ്ഥാപിക്കൽ | 233467 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 400000 | 23/21 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (ജനറൽ) | 400000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 100000 | 7/2021 അനുപൂരക പോഷകാഹാര പരിപാടി | 100000 | |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2021-22 | 346100 | 20/21 ശാരീരികമാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് ആനുകൂല്യങ്ങൾ | 346100 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 100000 | 23/21 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (ജനറൽ | 100000 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരം

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയ തുകയുടെ വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| വാട്ടർ അതോറിറ്റി | 76/22 മാങ്കുളം കുടിവെള്ള പദ്ധതി | 22100659 (തീയതി, 11.01.22) | 152000 (6,90,000/- രൂപ 2020-21-ൽ നൽകിയിട്ടുണ്ട് വൌച്ചർ നം.20070952010501165425 /26.02.21 ആകെ 8,42,000/- | ഇല്ല | 152000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ സംബന്ധിച്ച വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശം | ഉത്തരവ് നം/തീയതി | വായ്പ തുക (തൻ വർഷം) | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.യു.ആർ.ഡി.എഫ്.സി | ലഭ്യമല്ല | വരവില്ല | 23861334 | 2009334 | 21852000 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം ലഭിച്ച 908/-രൂപയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെപേരും ഉദ്യോഗപ്പേരും | രശീത് നം.തീയതി |
|---|---|---|---|---|
| 18/19 | 1-5 | 708 | മുളമൂട്ടിൽ ഫിനാൻസ് | 121010100881/15-09-2021 |
| 2000-01 | 2-12 | 200 | | 121010102301/29-12-21 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ

കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2004-05 | 2(7) | 2007-08 | 03.01.2017 | കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്കായി ആവിഷ്കരിച്ച കമ്പ്യൂട്ടർ സെന്റർ പദ്ധതി | 25.02.2022 ൽ മറുപടി നൽകി. |
| 2004-05 | 2(9) | 2007-08 | 03.01.2018 | ക്വട്ടേഷൻ അംഗീകരിച്ച വ്യക്തിക്കല്ല കോഴികുഞ്ഞുങ്ങളുടെ സപ്ലൈ ഓർഡർ നൽകിയത്. | 25.02.2022 ൽ മറുപടി നൽകി. |
| 2004-05 | 2(14) | 2007-08 | 03.01.2019 | അടിസ്ഥാന സൌകര്യങ്ങൾ, ബാങ്ക് വായ്പ ഉറപ്പുവരുത്താതെ ആടുകളെ വാങ്ങി നൽകി | 25.02.2022 ൽ മറുപടി നൽകി. |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 55903033 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 56851846 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 510409 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 152000 | ശ്രീ.ആർ.ശ്രീരാജ്, സെക്രട്ടറി |
| 1-22 | 156250 | ഡോ.ഷൈജു. സി.എസ്സ്, വെറ്ററിനറി സർജൻ |
| 1-23 | 12959 | ശ്രീ.ആർ.ശ്രീരാജ്, സെക്രട്ടറി |
| 1-24 | 189200 | ശ്രീമതി.വസന്തകുമാരി.ജെ ഹെഡ്മിസ്ട്രസ്, ഗവ.എൽ.പി.എസ്, |
| ആകെ | 510409 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | മേൽവിലാസം |
|---|---|---|
| ശ്രീ.ആർ.ശ്രീരാജ്, സെക്രട്ടറി | സെക്രട്ടറി, കണ്ടല്ലൂർ ഗ്രാമപഞ്ചായത്ത് | മാണിയൻപള്ളിൽ ഹൗസ്, മരുളൂർകുളങ്ങര സൗത്ത്, ആലുംകടവ് പി.ഓ., |

| നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | മേൽവിലാസം |
|---|---|---|
| | | കരുനാഗപ്പള്ളി |
| ശ്രീമതി.വസന്തകുമാരി,<br>ഹെഡ്മിസ്ട്രസ്<br>ഗവ.എൽ.പി.എസ് | ഗവ.എൽ.പി.എസ്,<br>കണ്ടല്ലൂർ ഗ്രാമപഞ്ചായത്ത് | പാർവ്വതിഭവനം,<br>പുതിയവിള വടക്ക്, കരീലക്കുളങ്ങര<br>പി.ഓ. |
| ഡോ.ഷൈജു. സി.എസ്സ്,<br>വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ<br>കണ്ടല്ലൂർ ഗ്രാമപഞ്ചായത്ത് | ചൂരക്കുഴിയിൽ ഹൌസ്<br>ഹരിപ്പാട് |
| ശ്രീമതി ഗീതു.എസ്സ്<br>അസിസ്റ്റന്റ് എഞ്ചിനിയർ | അസിസ്റ്റന്റ് എഞ്ചിനിയർ<br>കണ്ടല്ലൂർ ഗ്രാമപഞ്ചായത്ത് | ഗീതം<br>പട്ടത്താനം, കൊല്ലം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1998-99 | എൽ.എഫ്.ജി.എ 5-1832/11/30.01.2012 |
| 2000-01 | എൽ.എഫ്.ജി.എ 5-1832/11/30.01.2012 |
| 1999-00 (ചെലവ്) | എൽ.എഫ്.ജി.എ 5-1832/11/30.01.2012 |
| 2000-01 മുതൽ<br>2004-05 വരെ | എൽ.എഫ്.ജി.എ 5-1832/11/30.01.2012 |
| 2006-07 മുതൽ<br>2009-10 വരെ | എൽ.എഫ്.ജി.എ 5-1577/12/16.05.2014 |
| 2010-11മുതൽ<br>2012-13 വരെ | എൽ.എഫ്.പി 4-163/14/29.03.2014 |
| 2014-15 | കെ.എസ്.എ.എ.എൽ.പി.പി4-695/16/27.6.1206 |
| 2015-16 | കെ.എസ്.എ.എ.എൽ.പി.പി4- 124/16/17.11.2016 |
| 2016-17 | കെ.എസ്.എ.എ.എൽ.പി.പി4- 747/2017/20.06.2017 |
| 2017-18 | കെ.എസ്.എ-എ.എൽ.പി/പി12-371/2019 തീയതി, 07.05.2019 |
| 2018-19 | കെ.എസ്.എ-എ.എൽ.പി/പി12-184/2020 തീയതി - 16.06.2020 |
| 2019-2020 | കെ.എസ്.എ-എ.എൽ.പി/പി12-529/2021 തീയതി, 30.06.2022 |
| 2020-21 | കെ.എസ്.എ-എ.എൽ.പി/പി12-653/2022 തീയതി, 03.07.2022 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ കണ്ടല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ കണ്ടല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്